"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- സംസ്ഥാന ദുരന്ത പ്രതികരണനിധി 2024-25 വയനാട് ജില്ലാകളക്ടർക്ക് തുക അനുവദിച്ച്കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ)വകുപ്പ്**

സ.ഉ.(സാധാ) നം.720/2024/DMD തീയതി,തിരുവനന്തപുരം, 28-09-2024

---

പരാമർശം:- വയനാട് ജില്ലാകളക്ടറുടെ 23/09/2024 ലെ ഡിസിഡബ്ല്യൂ വൈഡി/2418/2024-ഡിഎം3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

30.07.2024 ന് മേപ്പാടി ഗ്രാമപഞ്ചായത്തിലെ മുണ്ടക്കൈ പ്രദേശത്ത് ഉണ്ടായ ഉരുൾ പൊട്ടലിനെത്തുടർന്നുള്ള ദുരിതാശ്വാസപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾക്കും, മറ്റ് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കുമായി 2245-02-101-94-01 Flood other items എന്ന ശീർഷകത്തിൽ നിന്ന് 3,00,00,000/-(മൂന്നു കോടി രൂപ) രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് വയനാട് ജില്ലാകളക്ടർ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേപ്പാടി ഗ്രാമപഞ്ചായത്തിലെ മുണ്ടക്കൈ പ്രദേശത്ത് ഉണ്ടായ ഉരുൾ പൊട്ടലിനെത്തുടർന്നുള്ള ദുരിതാശ്വാസപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾക്കും, മറ്റ് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കുമായി വയനാട് ജില്ലാകളക്ടർ ആവശ്യപ്പെട്ടിരിക്കുന്ന 3,00,00,000/-(മൂന്നു കോടി രൂപ) 2245-02-101-94-01 Flood other items എന്ന ശീർഷകത്തിൽ നിന്ന് വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sivaprasad V N
Date: 28-09-2024 11:41:30

സെക്ഷൻ ഓഫീസർ